# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1562** **01.11.2019 ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) കേരഗ്രാമം പദ്ധതി എന്തെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെന്നും വിശദമാക്കുമോ; | എ) തേങ്ങയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് കേരഗ്രാമ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. കേരഗ്രാമത്തിലുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികളും, സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടംതുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇവിടങ്ങളിലെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ; | ബി) | മലപ്പുറം നിയോജക മണ്ഡലത്തിലെ പുൽപ്പറ്റ, ആനക്കയം, മൊറയൂർ എന്നീ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിലെ രോഗം ബാധിച്ചതും ഉല്പാദനശേഷി കുറഞ്ഞതുമായ തെങ്ങുകൾക്ക് പകരം അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ നടാനും കായ്ഫലമുള്ള തെങ്ങുകളുടെ ശാസ്ത്രീയമായ പരിരക്ഷണത്തിലൂടെ നാളികേര ഉല്പാദനം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. |
| സി) | കേരകൃഷിയുടെ പുരോഗതി ലക്ഷ്യമാക്കി മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | സി) | വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസ്സരിച്ച് കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**